നം. എച്ച് 3- 10784/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 15/12/2017
Email - swdkerala@gmail.com
Phone - 0471-2306040

സാമൂഹ്യനീതി ഡയറക്ടർ,

പ്രോജക്ട് കോ-ഓർഡിനേറ്റർ
നിർഭയ സെൽ, തിരുവനന്തപുരം /
എല്ലാ വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ആസിഡ് അറ്റാക്ക് വിക്ടിംസ് വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. 9/10/2017 തീയതിയിലെ സാ.നീ.വ ബി3/176/2017/ സാ.നീ.വ നം കത്ത്.
2. 4/11/2017 തീയതിയിലെ SJD/B3/176/2017/SJD നം കത്ത്.

സംസ്ഥാനത്തെ ആസിഡ് അറ്റാക്ക് വിക്ടിംസിന് ഉതകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനും സംസ്ഥാനത്തെ ആസിഡ് അറ്റാക്ക് വിക്ടിംസിന്റെ വിവരങ്ങൾ കേന്ദ്ര സർക്കാരിനെ online ആയി അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓരോ ജില്ലയിലെയും ആസിഡ് അറ്റാക്ക് വിക്ടിംസിന്റെ വിവരങ്ങൾ ലഭ്യമാണെങ്കിൽ അറിയിക്കുന്നതിനും നിലവിൽ ടി വിഭാഗക്കാർക്കായി വകുപ്പുതലത്തിൽ നടത്തി വരുന്ന സേവനങ്ങൾ/പദ്ധതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും നിർദ്ദേശിക്കുന്നു. കൂടാതെ ടി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഉണ്ടെങ്കിൽ ആയവയുടെ വിവരം, ടി വിഭാഗക്കാരുടെ ക്ഷേമത്തിനായി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ/പദ്ധതികൾ എന്നിവ സംബന്ധിച്ച അഭിപ്രായവും അറിയിക്കാവുന്നതാണ്. ടി വിഷയം സംബന്ധിച്ച് കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് അടിയന്തിരമായി മറുപടി നൽകേണ്ടതിനാൽ 28/12/2017 തീയതിയ്ക്കകം ഇ-മെയിൽ മുഖേന മറുപടി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

Dh/-